# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

## NATIONAL BULLETIN

**DATE: 22-11-2025** | പ്രധാന വാർത്തകൾ | **TIME : 12.50 PM**

1. ദക്ഷിണാഫ്രിക്കയിലെ ജോഹന്നാസ്ബർഗിൽ നടക്കുന്ന ജി-20 ഉച്ചകോടിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് പങ്കെടുക്കും.

   **Prime Minister Narendra Modi to take part in G-20 Leaders' Summit in Johannesburg, South Africa.**

2. രാജ്യത്ത് പ്രാബല്യത്തിൽ വന്ന നാല് തൊഴിൽ കോഡുകളെ സ്വാഗതം ചെയ്ത് വ്യവസായ തൊഴിൽ സംഘടനകളും സമൂഹവും.

   **Industry, trade unions and civil society welcome the four labour codes that have come into force in the country.**

3. കേരളത്തിൽ തദ്ദേശസ്വയംഭരണ തിരഞ്ഞെടുപ്പിലേക്കുള്ള നാമനിർദ്ദേശപത്രികകളുടെ സൂക്ഷ്മപരിശോധന പുരോഗമിക്കുന്നു ; വോട്ടർ പട്ടിക പരിഷ്കരണത്തിന്റെ ഭാഗമായുള്ള എന്യൂമറേഷൻ ഫോം വിതരണം അവസാന ഘട്ടത്തിലേക്ക് കടന്നതായി മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ.

   **Scrutiny of nomination papers for the local body elections is progressing in Kerala; Distribution of enumeration forms as part of the SIR enters into final stage, says the Chief Electoral Officer**

4. കേരളത്തിൽ നാളെ വരെ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യത ; ഇന്ന് തിരുവനന്തപുരം, പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകളിൽ മഞ്ഞ ജാഗ്രത.

**Isolated heavy rains are likely in Kerala till tomorrow; Yellow alert in Thiruvananthapuram, Pathanamthitta, Kottayam and Idukki districts today.**

5. 56-ാമത് അന്താരാഷ്ട്ര ചലച്ചിത്രമേളയുടെ മൂന്നാം ദിനമായ ഇന്ന് ആഗോള സിനിമയ്ക്കൊപ്പം 50-ലധികം വനിതാ സംവിധായകരും അണിനിരക്കുന്നു.

**56th IFFI Moves Into Day 3 with Global Cinema and Over 50 Female Directors**

6. ഇന്ത്യ - ദക്ഷിണാഫ്രിക്ക ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരം ഗുവാഹത്തിയിൽ പുരോഗമിക്കുന്നു.

**The second match of the India-South Africa Test cricket series is progressing in Guwahati.**

*************************************

## PM-G20 SUMMIT

ദക്ഷിണാഫ്രിക്കയിലെ ജോഹന്നാസ്ബർഗിൽ ഇന്ന് ആരംഭിക്കുന്ന ജി20 നേതാക്കളുടെ ഉച്ചകോടിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി പങ്കെടുക്കും. സുസ്ഥിര വികസനം, കാലാവസ്ഥാ പ്രവർത്തനങ്ങൾ, ഊർജ്ജ പരിവർത്തനം, ആഗോള ഭരണത്തിലെ പരിഷ്കാരങ്ങൾ ഉൾപ്പെടെയുള്ള മുൻഗണനാ വിഷയങ്ങൾ പ്രധാനമന്ത്രി അവതരിപ്പിക്കും. ഇന്ത്യ-ബ്രസീൽ-ദക്ഷിണാഫ്രിക്ക നേതൃതല യോഗത്തിലും അദ്ദേഹം പങ്കെടുക്കും. 2014 ൽ അധികാരമേറ്റതിനുശേഷം പ്രധാനമന്ത്രി മോദിയുടെ പന്ത്രണ്ടാമത് ജി20 ഉച്ചകോടിയാണിത്. ഉച്ചകോടിയുടെ ഭാഗമായി, പ്രധാനമന്ത്രി മോദി ദക്ഷിണാഫ്രിക്കൻ പ്രസിഡന്റ് സിറിൽ റമാഫോസയുമായും മറ്റ് നിരവധി ലോക നേതാക്കളുമായും കൂടിക്കാഴ്ച നടത്തും. 2023 ൽ ഇന്ത്യയുടെ ജി-20 അധ്യക്ഷ കാലയളവിലാണ് ആഫ്രിക്കൻ യൂണിയൻ, കൂട്ടായ്മയിൽ അംഗമാകുന്നത്. ആഫ്രിക്കയിൽ

നടക്കുന്ന പ്രഥമ ജി-20 ഉച്ചകോടിയാണിത്. 'ഐക്യദാർഢ്യം, സമത്വം, സുസ്ഥിരത' എന്നതാണ് ഈ വർഷത്തെ ഉച്ചകോടിയുടെ പ്രമേയം.

*******************************************

## PM-SOUTH AFRICA MEETINGS

ജോഹന്നാസ്ബർഗിലെത്തിയ പ്രധാനമന്ത്രി നരേന്ദ്രമോദി ഓസ്ട്രേലിയൻ പ്രധാനമന്ത്രി ആന്റണി അൽബനീസുമായി ചർച്ച നടത്തി. ഇന്ത്യയും ഓസ്ട്രേലിയയും തമ്മിലുള്ള തന്ത്രപരമായ പങ്കാളിത്തം സംബന്ധിച്ച് ഇരു നേതാക്കളും ചർച്ച ചെയ്തു. ഇന്ത്യൻ വംശജരായ ടെക് സംരംഭകരുമായും ദക്ഷിണാഫ്രിക്കയിലെ ഇന്ത്യൻ സമൂഹവുമായും പ്രധാനമന്ത്രി സംവദിച്ചു. ഇന്ത്യയും ദക്ഷിണാഫ്രിക്കയും തമ്മിലുള്ള സൗഹൃദത്തിന്റെ ചരിത്രപരമായ ബന്ധങ്ങൾ പരിപോഷിപ്പിക്കുന്നതിൽ ഇന്ത്യൻ പ്രവാസികളുടെ സംഭാവനയെ പ്രധാനമന്ത്രി അഭിനന്ദിച്ചതായി വിദേശകാര്യ മന്ത്രാലയം അറിയിച്ചു.

*******************************************

## UN CHIEF-G20

ആഗോള ദുരിതങ്ങൾ ലഘൂകരിക്കാൻ അധികാരം ഉപയോഗിക്കണമെന്ന് ജി-20 രാജ്യങ്ങളോട് ഐക്യരാഷ്ട്രസഭ സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടെറസ് അഭ്യർത്ഥിച്ചു. ദുരിതങ്ങൾ ലഘൂകരിക്കാനും ലോകത്തെ കൂടുതൽ സമാധാനപരമായ പാതയിലേക്ക് നയിക്കാനും ജി-20 രാജ്യങ്ങൾക്ക് കഴിയുമെന്ന് അദ്ദേഹം പറഞ്ഞു. ജി-20 ഉച്ചകോടിയിൽ പങ്കെടുക്കാൻ ജോഹന്നാസ്ബർഗിൽ എത്തിയ ശേഷം നടത്തിയ വാർത്താസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഇന്ന്, ആഗോള സ്ഥാപനങ്ങളിൽ ആഫ്രിക്കയ്ക്ക് പ്രാതിനിധ്യം കുറവാണെന്നും ഇത് മാറണമെന്നും അദ്ദേഹം പറഞ്ഞു.

*******************************************

## VP-AP VISIT

ഉപരാഷ്ട്രപതി സി. പി. രാധാകൃഷ്ണൻ ഇന്ന് ആന്ധ്രാപ്രദേശിലെ പുട്ടപർത്തി സന്ദർശിക്കും. ശ്രീസത്യസായി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹയർ ലേണിംഗിന്റെ 44-ാമത് ബിരുദ ദാന ചടങ്ങിൽ ഉപരാഷ്ട്രപതി മുഖ്യാതിഥിയായി പങ്കെടുക്കും. നാളെ നടക്കുന്ന ശ്രീ സത്യസായി ബാബയുടെ ശതാബ്ദി ആഘോഷങ്ങളിലും അദ്ദേഹം മുഖ്യാതിഥിയാകും.

*************************************

## RAJNATH-UN (INTRO)

ആഗോള സംഘർഷങ്ങൾ മികച്ച രീതിയിൽ കൈകാര്യം ചെയ്യുന്നതിന് ആധുനിക ലോകത്തിന് പുതിയ അന്താരാഷ്ട്ര സംവിധാനങ്ങൾ ആവശ്യമാണെന്ന് രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ്. ലഖ്നൗവിൽ നടന്ന ചീഫ് ജസ്റ്റിസുമാരുടെ അന്താരാഷ്ട്ര സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഇസ്രായേൽ-ഹമാസ്, യുക്രെയ്ൻ-റഷ്യ തുടങ്ങിയ സംഘർഷങ്ങളിലും സുഡാനിലെ മാനുഷിക പ്രതിസന്ധിയിലും യുഎന്നിന് കൂടുതൽ ശക്തമായി പ്രവർത്തിക്കാമായിരുന്നുവെന്ന് കേന്ദ്രമന്ത്രി ചൂണ്ടിക്കാട്ടി. ഇന്ത്യ എല്ലായ്പ്പോഴും അന്താരാഷ്ട്ര നിയമത്തെ ബഹുമാനിക്കുകയും ബഹുമുഖ സഹകരണത്തെ വിലമതിക്കുകയും ചെയ്തിട്ടുള്ള രാഷ്ട്രമാണെന്നും ശ്രീ രാജ്നാഥ് സിംഗ് പറഞ്ഞു.

(ഹോൾഡ്-വോയ്സ്)

*************************************

## NADDA-UNITY MARCH

സർദാർ വല്ലഭ്ഭായ് പട്ടേലിന്റെ 150-ാം ജന്മവാർഷികത്തോട് അനുബന്ധിച്ച് ന്യൂഡൽഹിയിൽ സംഘടിപ്പിച്ച യൂണിറ്റി മാർച്ച് കേന്ദ്രമന്ത്രി ജെ പി നദ്ദ ഫ്ലാഗ് ഓഫ് ചെയ്തു. ഏക ഭാരതം, ശ്രേഷ്ഠ ഭാരതം, വികസിത ഭാരതം, സ്വയംപര്യാപ്ത

ഇന്ത്യ എന്നിവയിലേക്ക് രാജ്യത്തെ നയിക്കാൻ യുവാക്കളെ പ്രചോദിപ്പിക്കുകെ എന്നതാണ് സർദാർ പട്ടേലിനോടുള്ള യഥാർത്ഥ ആദരം എന്ന് അദ്ദേഹം പറഞ്ഞു.

*****************************************

## BREAK

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

(ബ്രേക്ക്)

*****************************************

## LOCAL ELECTIONS-SCRUTINY

കേരളത്തിൽ തദ്ദേശ സ്വയംഭരണ തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിനുവേണ്ടി സമർപ്പിച്ചിട്ടുള്ള നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മപരിശോധന പുരോഗമിക്കുന്നു. ബന്ധപ്പെട്ട വരണാധികാരികളാണ് നാമനിർദേശപത്രികകളുടെ സൂക്ഷ്മ പരിശോധന നടത്തുന്നത്. സൂക്ഷ്മപരിശോധനയ്ക്ക് ശേഷം സ്വീകരിക്കപ്പെട്ട പത്രികകൾ സമർപ്പിച്ച സ്ഥാനാർത്ഥികളുടെ പട്ടിക റിട്ടേണിംഗ് ഓഫീസർ തയ്യാറാക്കി പ്രസിദ്ധീകരിക്കും. ഇന്നലെ വൈകുന്നേരം 3 മണിക്ക് നാമനിർദേശ പത്രിക സമർപ്പിക്കുന്നതിനുള്ള സമയപരിധി അവസാനിച്ചിരുന്നു.

*****************************************

## CEO – MEETING

കേരളത്തിൽ വോട്ടർ പട്ടിക പരിഷ്കരണത്തിന്റെ ഭാഗമായി എന്യൂമറേഷൻ ഫോം വിതരണം അവസാന ഘട്ടത്തിലേക്ക് കടന്നതായി മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു ഖേൽക്കർ. 99 ശതമാനം ഫോമുകളുടെ വിതരണം പൂർത്തിയാക്കി. ശേഷിക്കുന്ന ഫോമുകളുടെ വിതരണം ഇന്നും നാളെയുമായി പൂർത്തിയാക്കുമെന്നും, പൂരിപ്പിച്ച ഫോമുകളിൽ 26 ലക്ഷത്തി

46,414 ഫോമുകൾ അപ്ലോഡ് ചെയ്തതായും അദ്ദേഹം പറഞ്ഞു. തിരുവനന്തപുരത്ത് രാഷ്ട്രീയ പാർട്ടി പ്രതിനിധികളുടെ യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. ഫോമുകൾ അപ്ലോഡ് ചെയ്യാൻ ക്യാമ്പുകൾ തുടങ്ങിയിട്ടുണ്ടെന്ന് പറഞ്ഞ മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ ഒരു ലക്ഷത്തി 20,000 ഫോമുകൾ തിരികെ ലഭിക്കാനുണ്ടെന്നും അറിയിച്ചു.

****************************************

## LABOUR CODES

രാജ്യത്ത് പതിറ്റാണ്ടുകൾ പഴക്കമുള്ള തൊഴിൽ നിയമങ്ങൾ ലളിതമാക്കുന്നതിനും കാര്യക്ഷമമാക്കുന്നതിനും ലക്ഷ്യമിട്ടുള്ള നാല് പുതിയ തൊഴിൽ കോഡുകൾ ഇന്നലെ മുതൽ നിലവിൽ വന്നു. 2019 ലെ വേതന കോഡ്, 2020 ലെ ഇൻഡസ്ട്രിയൽ റിലേഷൻസ് കോഡ്, 2020 ലെ സാമൂഹിക സുരക്ഷാ കോഡ്, 2020 ലെ തൊഴിൽ സുരക്ഷ, ആരോഗ്യം, ജോലി സാഹചര്യ കോഡ് എന്നിവയാണ് പ്രാബല്യത്തിലായത്. ഈ പരിഷ്കാരങ്ങൾ വെറും സാധാരണ മാറ്റങ്ങൾ മാത്രമല്ല, രാജ്യത്തെ ഓരോ തൊഴിലാളിക്കും അന്തസ്സ് ഉറപ്പുനൽകുന്നതാണെന്ന് കേന്ദ്ര മന്ത്രി മൻസുഖ് മാണ്ഡവ്യ സമൂഹമാധ്യമത്തിൽ കുറിച്ചു. നാല് തൊഴിൽ കോഡുകൾ നടപ്പിലാക്കിയതിനെ പ്രധാനമന്ത്രി നരേന്ദ്ര മോദി പ്രശംസിച്ചു.

****************************************

## INDUSTRY BODY-LABOUR CODES (INTRO)

രാജ്യത്ത് നാല് തൊഴിൽ കോഡുകൾ നടപ്പിലാക്കിയതിനെ വ്യവസായ സംഘടനകളും കൺസൾട്ടിംഗ് സ്ഥാപനങ്ങളും സ്വാഗതം ചെയ്തു, ഇത് ഔപചാരിക തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനും സാമൂഹിക സുരക്ഷാ രംഗം വികസിപ്പിക്കുന്നതിനുമുള്ള ചലനാത്മക നാഴികക്കല്ലാണെന്ന് അവർ പറഞ്ഞു. ഒരു റിപ്പോർട്ട്.....

(വോയ്സ്)

തൊഴിൽ നിയമങ്ങൾ നവീകരിക്കുന്നതിലൂടെയും, മാന്യമായ തൊഴിൽ സാഹചര്യങ്ങൾ, ന്യായമായ വേതനം, എല്ലാ മേഖലകളിലുമുള്ള തൊഴിലാളികൾക്ക് ദീർഘകാല സംരക്ഷണം ഉറപ്പാക്കുന്നതിലൂടെയും നാല് തൊഴിൽ കോഡുകൾ ഒരു പ്രധാന പരിഷ്കാരമായി അടയാളപ്പെടുത്തുന്നു. സാങ്കേതികവിദ്യ, സ്റ്റാഫിംഗ്, കൺസൾട്ടിംഗ്, നിയമ മേഖലകളിലെ വ്യവസായ നേതാക്കൾ പരിഷ്കരണ നീക്കത്തെ പ്രശംസിച്ചു. ഇന്ത്യയുടെ തൊഴിൽ പരിഷ്കരണ യാത്രയിലെ സുപ്രധാന ചുവടുവയ്പ്പാണിതെന്ന് ഇന്ത്യൻ ടെക്നോളജി വ്യവസായത്തിന്റെ വ്യാപാര സംഘടനയായ നാസ്കോം പറഞ്ഞു. വേതനം, സുരക്ഷ, സാമൂഹിക സുരക്ഷ എന്നിവയെക്കുറിച്ചുള്ള കൂടുതൽ വ്യക്തത ശക്തമായ തൊഴിൽ ശക്തിയെ പിന്തുണയ്ക്കുമെന്ന് സംഘടന വ്യക്തമാക്കി. ഇന്ത്യൻ സ്റ്റാഫിംഗ് ഫെഡറേഷനും കോഡുകളെ സ്വാഗതം ചെയ്തു. ഇന്ത്യയുടെ തൊഴിൽ കോഡുകൾ ശക്തവും കൂടുതൽ ഉൾക്കൊള്ളുന്നതുമായ സാമൂഹിക സുരക്ഷാ സംവിധാനങ്ങൾക്കായുള്ള ആഗോള ശ്രമങ്ങൾക്ക് ആക്കം കൂട്ടുന്നുവെന്ന് ഇന്റർനാഷണൽ സോഷ്യൽ സെക്യൂരിറ്റി അസോസിയേഷൻ പറഞ്ഞു. ന്യൂസ്ഡെസ്ക്, ആകാശവാണി

*********************************

## RAIN-KERALA

കേരളത്തിൽ നാളെ വരെ ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യത. ഇന്ന് തിരുവനന്തപുരം, പത്തനംതിട്ട, കോട്ടയം, ഇടുക്കി ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. നാളെ തിരുവനന്തപുരം മുതൽ എറണാകുളം വരെയുള്ള ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്. കനത്ത മഴയെ തുടർന്ന് ജലനിരപ്പ് ഉയർന്ന സാഹചര്യത്തിൽ നെയ്യാർ ഡാമിന്റെ നാലു ഷട്ടറുകളും തുറന്നു. ഡാമിന്റെ സമീപപ്രദേശങ്ങളിൽ താമസിക്കുന്നവർ ജാഗ്രത പാലിക്കണമെന്ന് തിരുവനന്തപുരം ജില്ലാ കളക്ടർ അറിയിച്ചു.

*********************************

## IFFI

56-ാമത് അന്താരാഷ്ട്ര ചലച്ചിത്രമേള ഇന്ന് മൂന്നാം ദിവസത്തിലേക്ക് കടന്നു, സിനിമ, പ്രതിഭ, ആഗോള പങ്കാളിത്തം എന്നിവയുടെ സംയോജനമായി ചലച്ചിത്ര മേള മാറി .ആദ്യമായി 50-ലധികം വനിതാ സംവിധായകർ അവരുടെ സിനിമകൾ അവതരിപ്പിക്കുന്നു. ഇന്ന്, സിമ്പിൾ ദുഗറിന്റെ 'ലോക്മാതാ ദേവി അഹല്യഭായ്' എന്ന ചിത്രം പ്രദർശനത്തിനുണ്ട്.

**********************************

## DAY MENS CRICKET

ഇന്ത്യ - ദക്ഷിണാഫ്രിക്ക ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരം ഗുവാഹത്തിയിൽ പുരോഗമിക്കുന്നു. ടോസ് നേടി ആദ്യം ബാറ്റ് ചെയ്യുന്ന ദക്ഷിണാഫ്രിക്ക ഒടുവിൽ വിവരം ലഭിക്കുമ്പോൾ 2 വിക്കറ്റിന് 135 റൺസ് എന്ന നിലയിലാണ്. രണ്ട് മത്സരങ്ങളുള്ള പരമ്പരയിലെ ആദ്യ ടെസ്റ്റിൽ ദക്ഷിണാഫ്രിക്കക്കായിരുന്നു വിജയം.

**********************************

## GOLD

സ്വർണ വിലയിൽ വർധന. പവന് 1360 രൂപ വർധിച്ച് 92,280 രൂപയാണ് ഇന്നത്തെ വില.

**********************************

## VIETNAM-FLOODS

വിയറ്റ്നാമിൽ പേമാരിയെ തുടർന്നുള്ള വെള്ളപ്പൊക്കത്തിലും മണ്ണിടിച്ചിലിലും 40 പേർ മരിച്ചു. മധ്യവിയ്റ്റ്നാമിലെ വിവിധ പ്രവിശ്യകളിൽ നിന്ന് പതിനായിരക്കണക്കിന് താമസക്കാരെ രക്ഷാപ്രവർത്തകർ ഒഴിപ്പിച്ചു. അമ്പതിനായിരത്തിലധികം വീടുകൾ വെള്ളത്തിനടിയിലായി.

**********************************

## RUSSA-UKRAINE-PEACE PLAN

അമേരിക്ക മുന്നോട്ടുവയ്ക്കുന്ന സമാധാന പദ്ധതി ഉക്രെയ്ൻ നിരസിച്ചാൽ റഷ്യൻ സൈന്യം കൂടുതൽ മുന്നേറുമെന്ന് റഷ്യൻ പ്രസിഡന്റ് വ്ളാഡിമിർ പുടിൻ മുന്നറിയിപ്പ് നൽകി. റഷ്യൻ സുരക്ഷാ കൗൺസിലിന്റെ യോഗത്തിൽ മുതിർന്ന ഉദ്യോഗസ്ഥരെ അഭിസംബോധന ചെയ്യവേയാണ് പ്രസിഡന്റ് പുടിന്റെ പ്രതികരണം. അതേസമയം, സമാധാന പദ്ധതി അംഗീകരിച്ചാൽ ഉക്രെയ്നിന് അതിന്റെ അന്തസ്സും സ്വാതന്ത്ര്യവും നഷ്ടപ്പെടുമെന്നും, അംഗീകരിക്കാതിരുന്നാൽ യുഎസ് സമാധാന പദ്ധതിയോടുള്ള വാഷിംഗ്ടണിന്റെ പിന്തുണ നഷ്ടപ്പെട്ടേക്കാമെന്നും പ്രസിഡന്റ് വോളോഡിമർ സെലെൻസ്കി മുന്നറിയിപ്പ് നൽകി.

***************************************************************************************************************